# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2856

06.11.2019-ലെ മറുപടി

## അത്തിക്കയം പെരുനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അത്തിക്കയം- പെരുനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (NRDWP) യിൽ ഉൾപ്പെടുത്തി 1400 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട റാ-വാട്ടർ പമ്പിംഗ് മെയിൻ, 8 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണ ശാല, കോട്ടുപാറ ജല സംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (150 എംഎം ഡി.ഐ - കെ - 9 പൈപ്പ്) ഇടപ്രാമലയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (100 എംഎം ഡി.ഐ - കെ - 9 പൈപ്പ്), മുക്കം ജംഗ്ഷൻ വരെയുള്ള ഗ്രാവിറ്റി മെയിൻ (500 എംഎം ഡി.ഐ - കെ - 9 പൈപ്പ്) എന്നിവയുടെ നിർമ്മാണം പൂർത്തിയായി.<br>പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അവശേഷിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി 331 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇതിൽ ഉൾപ്പെട്ട ഇൻടേക്ക് പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻടേക്ക് കിണറിന്റെ |
| (ബി) | എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്; ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

| | | ചോദ്യം | | മറുപടി |
|---|---|---|---|---|
| | | | | നവീകരണം, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കൽ, പഞ്ചാരമുക്കിൽ പമ്പ് ഹൗസും ജല സംഭരണിയും, ചെമ്പൻ മുടിയിലെ ജല സംഭരണി എന്നീ പ്രവൃത്തികൾക്കുള്ള ദർഘാസ് നടപടികൾ നടന്നുവരുന്നു.<br>പെരുനാട് അത്തിക്കയം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവൃത്തികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 4140 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായി തിരിച്ചാണ് രണ്ടാം ഘട്ടം പദ്ധതി നിർവഹണം നടത്തുന്നത്. രണ്ടാം ഘട്ടം പദ്ധതിയിൽ പെരുനാട്, അത്തിക്കയം പഞ്ചായത്തുകളിലേക്കാവശ്യമായ വിതരണ ശൃംഖല പൂർണമായും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പാക്കേജ് ഒന്നിൽ ഉൾപ്പെടുത്തി ഏഴ് സോണുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിൽ ഏഴ് സോണുകളിലേക്കുള്ള വിതരണ ശൃംഖല, ജല ശുദ്ധീകരണശാല മുതൽ മണംപുഴ സമ്പ് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പാക്കേജ് രണ്ടിൽ ഉൾപ്പെട്ട 8, 9, 10, 11 എന്നീ സോണുകളിലേക്കുള്ള വിതരണ ശൃംഖല, ജല ശുദ്ധീകരണശാല മുതൽ പഞ്ചാരമുക്ക് സംപ് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണശാല മുതൽ മുണ്ടൻമല ലോ ലെവൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, മുണ്ടൻമല ലോ ലെവൽ പമ്പ്ഹൗസ്, കോട്ടുപാറ മുതൽ മാമ്പാറ ടാങ്ക് വരെയുള്ള ഗ്രാവിറ്റി മെയിൻ, പഞ്ചാര |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | മുക്ക് സംപ് മുതൽ ചെമ്പൻ മുടി ടാങ്ക് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങൾ പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വർക്ക് ഓർഡർ നല്കികഴിഞ്ഞിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ രണ്ടു പഞ്ചായത്തുകളിലെയും വിതരണ ശൃംഖല ഉൾപ്പെടെയുള്ള ഘടകങ്ങൾ (പമ്പ് സെറ്റുകൾ ഒഴികെ) പൂർണ്ണമാകുന്നതാണ്.<br>പാക്കേജ് മൂന്നിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പമ്പ് ഹൗസുകളിൽ സ്ഥാപിക്കേണ്ട പമ്പ് സെറ്റുകൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| (സി) | എത്ര രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | 1. പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം (NRDWP) - 1400 ലക്ഷം രൂപ<br>2. പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം – Balance work (സ്റ്റേറ്റ് പ്ലാൻ) 331 ലക്ഷം രൂപ<br>3. പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം – (കിഫ്ബി) - 4140 ലക്ഷം രൂപ |
| (ഡി) | പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ? | (ഡി) | പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ നിലവിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ 2020 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**